FRIDAY 13/12/2024 വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: Nizam S A    Editor: Dr. Binu Harriet Ivan



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS)13/12/2024

1. ഈ വർഷത്തെ 'കരപ്പുറം കാഴ്ച്ച' കാർഷിക പ്രദർശന-വിപണന, സാംസ്കാരിക, കലാമേള ഡിസംബർ 20 മുതൽ 29 വരെ ചേർത്തല സെന്റ് മൈക്കിൾസ് കോളേജ് മൈതാനത്ത് അരങ്ങേറും. നൂറിലധികം പ്രദർശന വിപണന സ്റ്റാളുകൾ, കാർഷിക സെമിനാറുകൾ, ബി 2 ബി മീറ്റുകൾ, ഇൻകുബേറ്റർ സെൻറർ, കാർഷിക വായ്പാ സഹായകേന്ദ്രങ്ങൾ, കാർഷിക പഠന ക്ലാസുകൾ, തദ്ദേശീയ കലാകാരന്മാരുടെ കലാസാംസ്കാരിക പരിപാടികൾ എന്നിവ കരപ്പുറം കാഴ്ചയോടനുബന്ധിച്ച് സംഘടിപ്പിക്കും.

2. നാളികേരകൃഷി പദ്ധതികളുമായി നാളികേര വികസന ബോർഡ്. ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ ലഭ്യമാക്കാനായി വിത്തുൽപാദനത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് കർഷകർ, സഹകരണ സംഘങ്ങൾ, സന്നദ്ധ സംഘടനകൾ, കൃഷി വിജ്ഞാനകേന്ദ്രങ്ങൾ, സർക്കാർ-സർക്കാരിതര സംഘടനകൾ എന്നിവയ്ക്കു ധനസഹായം. ചുരുങ്ങിയത് 4 ഹെക്ടർ സ്ഥലത്ത് 3 വർഷത്തേക്ക് പരമാവധി 6 ലക്ഷം രൂപയാണ് സബ്സിഡി ലഭിക്കുക. ചെറുകിട നഴ്സറികൾ സ്ഥാപിക്കുന്നതിന് പരമാവധി 2 ലക്ഷം രൂപ സബ്സിഡി ലഭിക്കും. പ്രതിവർഷം 25,000 തെങ്ങിൻ തൈകൾ ഉൽപാദിപ്പിക്കാൻ ശേഷിയുള്ള നഴ്സറികൾക്കു 50,000 രൂപ വരെയും സബ്സിഡിയുണ്ട്. പുതുക്കൃഷിക്കും സാമ്പത്തിക സഹായം നൽകുന്നു. തെങ്ങിനത്തെയും സ്ഥലത്തെയും അടിസ്ഥാനമാക്കി ഹെക്ടറിന് 6,500 രൂപ മുതൽ 15,000 രൂപവരെ 2 തുല്യ വാർഷിക ഗഡുക്കളായാണ് സബ്സിഡി. സ്വന്തമായി 0.1 ഹെക്ടറിൽ (25 സെന്റ്) കുറയാതെയും 4 ഹെക്ടർ (10 ഏക്കർ) വരെയും ഭൂമി കൈവശമുള്ളവർക്ക് സബ്സിഡിക്ക് അർഹതയുണ്ട്. എല്ലാ പദ്ധതികളുടെയും അപേക്ഷാഫോം ബോർഡിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷ അനുബന്ധ രേഖകളോടൊപ്പം കൃഷി ഓഫിസറുടെ സാക്ഷ്യപത്രം സഹിതം ബോർഡിൽ സമർപ്പിക്കുന്നതിനു വിധേയമായി

സബ്സിഡി തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലെത്തും. ഒന്നാം വർഷ സബ്സിഡി ലഭിച്ച ശേഷം രണ്ടാം വർഷ അപേക്ഷ സമർപ്പിക്കാം. വിവരങ്ങൾക്ക് www.coconutboard.gov.in എന്ന വെബ് സൈറ്റ് സന്ദർശിക്കുക.

3. മൃഗസംരക്ഷണ മേഖലയിലുള്ളവർക്ക് കിസാൻ ക്രെഡിറ്റ് കാർഡിന് അപേക്ഷിക്കാം. പശു, ആട്, കോഴി, പന്നി, താറാവ് കർഷകർക്കും കർഷകക്കൂട്ടായ്മകൾക്കും അപേക്ഷിക്കാം. 3 ലക്ഷം രൂപ വരെ വായ്പ ലഭിക്കും. 1.6 ലക്ഷം രൂപ വരെ ഈടൊന്നും ആവശ്യമില്ല. 7% പലിശയ്ക്കാണു വായ്പ നൽകുക. കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് 3% പലിശ തിരികെ ലഭിക്കും. പരമാവധി പലിശ സബ്സിഡി 2 ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. കാർഡ് ലഭിക്കാൻ പ്രദേശത്തെ സർക്കാർ മൃഗാശു പത്രിയുമായി ബന്ധപ്പെടുക.

4. മൃഗസംരക്ഷണ വകുപ്പിൻറെ പദ്ധതികൾക്കും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതികൾക്കും കോഴികുഞ്ഞങ്ങളെ വിതരണം ചെയ്യുന്നതിനും നിലവിൽ അംഗീകാരമുള്ള ജില്ലയിലെ എഗ്ഗർ നഴ്സറികളുടെ അംഗീകാരം 2 വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകുന്നതിനും, പുതിയ എഗ്ഗർ നഴ്സറികൾക്ക് അംഗീകാരം നൽകുന്നതിലേയ്ക്കുമുള്ള അപേക്ഷ ജില്ലയിലെ എഗ്ഗർ നഴ്സറി ഉടമകളിൽ നിന്നും ക്ഷണിച്ചു. താത്പര്യമുള്ളവർ അടുത്തുള്ള മൃഗാശുപത്രിയിൽ നിശ്ചിത മാതൃകയിലുള്ള അപേക്ഷ തയ്യാറാക്കി, പഞ്ചായത്തിൽ നിന്നുമുള്ള ലൈസൻസ്, മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുമുള്ള സാക്ഷ്യപത്രം, കരാർ പത്രം, കോഴി വളർത്തലിൽ പരിശീലനം ലഭിച്ചതിന്റെ സർട്ടിഫിക്കറ്റ് എന്നിവ സഹിതം അപേക്ഷ ഡിസംബർ 20 നകം സമർപ്പിക്കണമെന്ന് ജില്ലാ മൃഗസംരക്ഷണ ഓഫീസർ അറിയിച്ചു.

5. തിരുവനന്തപുരം 'കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിൽ, 2025 വർഷത്തെ പാൽകാർഡ് വിതരണം സംബന്ധിച്ചു നടക്കുന്ന നറുക്കെടുപ്പ് 16/12/2024 –

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

തിങ്കളാഴ്ച രാവിലെ 11 മണിക്ക്തിരുവനന്തപുരം ജില്ലാ മൃഗസംരക്ഷണ ഓഫീസറുടെ നേതൃത്വത്തിൽ നടത്തുന്നു. നറുക്കെടുപ്പിൽ പങ്കെടുക്കുന്ന അപേക്ഷകർ അന്നേ ദിവസം 11 മണിക്ക് മുമ്പായി ഓഫീസ് അങ്കണത്തിൽ ഹാജരാകേണ്ടതാണ്.നറുക്കെടുപ്പിൽ വിജയിക്കുന്നവർ ഡിസംബർ 17, 18, 19, 20, 21, 23 തീയതികളിൽ, നറുക്കുവീണ നമ്പർ ക്രമപ്രകാരം, 2025 ജനുവരി മാസത്തെ പുതിയ പാൽകാർഡ് എടുക്കുന്നതിനായി ഹാജരാകേണ്ടതാണ്. അപേക്ഷകൻ തന്നെ സ്വയം സാക്ഷ്യപ്പെടുത്തിയ, അസ്സൽ റേഷൻകാർഡും, ആധാറും സഹിതം രാവിലെ 11 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെയും, ഉച്ചയ്ക്ക് 2 മണി മുതൽ 3 മണി വരെയും ഹാജരാകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**പരിശീലന പരിപാടി**

6. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന "സമ്പന്ന മാലിന്യം" എന്ന വിഷയത്തിലെ സൗജന്യ ഓൺലൈൻ പരിശീലന പരിപാടിയുടെ പുതിയ ബാച്ച് 2024 ഡിസംബർ 23 ന് ആരംഭിക്കുന്നു. പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ ഡിസംബർ 22 നകം ഈ കോഴ്സിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. 24 ദിവസം ദൈർഘ്യമുള്ള കോഴ്സ് പതിനൊന്ന് സെഷനുകളിലായി കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് നിശ്ചിത ഫീസ് ഈടാക്കി സർട്ടിഫിക്കറ്റ് നൽകുന്നതാണ്. www.celkau.in എന്ന ലിങ്കിൽ ക്ലിക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്തവർക്ക് ഡിസംബർ 23 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക് ചെയ്ത് യുസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാം